മാതൃഭൂമി
Mathrubhumi Online

Thursday, 27th December 2007
www.Mathrubhumi.com

# പുത്തൻകുരിശ് അഖില മലങ്കര സുവിശേഷ യോഗം തുടങ്ങി

കോലഞ്ചേരി: യഥാർഥ ക്രിസ്ത്യാനിയായി ജീവിക്കുകയെന്നതാണ് ലോകത്തെ രക്ഷിക്കാനുള്ള മാർഗമെന്ന് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ പറഞ്ഞു. പുത്തൻകുരിശ് പാത്രിയർക്കാ സെൻററിൽ ബുധനാഴ്ച വൈകീട്ട് അഖില മലങ്കര സുവിശേഷയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രേഷ്ഠബാവ.

ലോകത്തെ രക്ഷിക്കാൻ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയെന്നത് ഓരോ ക്രിസ്ത്യാനിയുടെയും കടമയാണെന്ന് ബാവ പറഞ്ഞു. 'നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ' എന്ന വിഷയം അദ്ദേഹം അവതരിപ്പിച്ചു. ലോകം നാശത്തിലേക്കാണ് നീങ്ങുന്നതെന്നും ലോകരക്ഷയ്ക്കുവേണ്ടി നിരന്തരം പ്രവർത്തിക്കേണ്ടതുണ്ടെന്നും ബാവ പറഞ്ഞു.

ഏബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ക്രിസ്മസ്സന്ദേശം നൽകി. ഡോക്ടറേറ്റ് ലഭിച്ച ഡോ. മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ യോഗത്തിൽ അനുമോദിച്ചു. തുടർന്ന് ഡോ. കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ മെത്രാപ്പോലീത്തമാരായ കുര്യാക്കോസ് മാർ യൂലിയോസ്, ഗീവർഗീസ് മാർ പോളിക്കാർപ്പസ്, ഡോ. മാത്യൂസ് മാർ ഈവാനിയോസ്. മാത്യൂസ് മാർ അപ്രേം, ഏലിയാസ് മാർ അത്തനാസിയോസ്, മർക്കോസ് മാർ ക്രിസോസ്റ്റമോസ്, കുര്യാക്കോസ് മാർ യൗസേബിയൂസ്, കുന്നത്തുനാട് എംഎൽഎ അഡ്വ. എം.എം .മോനായി, യുഡിഎഫ് കൺവീനർ പി.പി. തങ്കച്ചൻ, ഇ.സി. വർഗീസ് കോർ എപ്പിസ്കോപ്പ എന്നിവർ സംബന്ധിച്ചു.

വ്യാഴാഴ്ച രാവിലെ 10 മുതൽ ഉപവാസധ്യാനയോഗം.ഉച്ചയ്ക്ക് 2ന് അഖില മലങ്കര വൈദികയോഗം. വൈകീട്ട് 6.15ന് സുവിശേഷയോഗത്തിൽ കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പ്രഭാഷണം നടത്തും.

http://www.mathrubhumi.com/php/newsFrm.php?news_id=12366537&n_type=RE&category_id=4&Farc=T